(ബി) ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള റൂറൽ ഡവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും ഇതിനായി 'ഗ്രാമശ്രീ' എന്ന പേരിൽ സ്ഥിരം വിപണന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ ഗ്രാമവികസന ഏജൻസികളുടെ കീഴിൽ കോഴിക്കോട്, മലപ്പുറം, പാലക്കാട്, എറണാകുളം, ആലപ്പുഴ എന്നിവിടങ്ങളിൽ ജില്ലാതല വിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(സി) ഡി. ഡബ്ല്യൂ.സി.ആർ.എ. ഉൾപ്പെടെയുള്ള ഗ്രാമീണ സ്വയംതൊഴിൽ പദ്ധതികളുടെ ഗുണഭോക്താക്കൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു സംസ്ഥാനതല മാർക്കറ്റിംഗ് സൊസൈറ്റി നിലവിലുണ്ട്. ഡി. ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മാത്രമായി ഒരു മാർക്കറ്റിംഗ് ഏജൻസി രൂപീകരിക്കുന്നത് പ്രായോഗികം അല്ലാത്തതിനാൽ പരിഗണിക്കാൻ കഴിയുകയില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

87 (485) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ഓരോ വർഷവും നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) അടുത്ത വർഷം എന്ത് തുക കൊടുക്കാൻ കഴിയുമെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) വർക്കല നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പി.ഡബ്ല്യൂ.ഡി റോഡുകൾ എത്ര ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാൻ പ്രത്യേക ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ഓരോ വർഷവും നൽകിയ തുക താഴെ പറയുംപ്രകാരമാണ്.

ത.സ്വ.ഭ. സ്ഥാപനത്തിന്റെ പേര്	1997-98	1998-99	1999-2000	2000-2001
		തുക ലക്ഷത്തിൽ		
ഗ്രാമപഞ്ചായത്തുകൾ	42,569.63	54,548.915	50,713.36	29,869.058
ബ്ലോക്കു പഞ്ചായത്തുകൾ	10,869.50	13,140.72903	11,989.17454	6702.64472
ജില്ലാ പഞ്ചായത്തുകൾ	12394.10	14267.00	10391.41482	7216.31998
നഗരസഭകൾ	9,587.50	12,277.00	12,235.91	6,456.51

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ

88 (486) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര ജനപ്രതിനിധികളുണ്ടെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ജനപ്രതിനിധികളിൽ വനിതകളെത്ര ; പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്ര ; മറ്റ് പിന്നോക്ക വിഭാഗക്കാരെത്ര ;

(ബി) പ്രസ്തുത ജനപ്രതിനിധികളിൽ ഹൈസ്കൂൾ വിദ്യാഭ്യാസമുള്ളവർ എത്ര ; സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളവർ എത്ര ; ബിരുദധാരികൾ എത്ര ; ബിരുദാനന്തര ബിരുദധാരികൾ എത്ര ; പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്ര ;

(സി) പ്രസ്തുത ജനപ്രതിനിധികളുടെ പ്രതിമാസവേതനം എത്ര ; ശരാശരി എത്ര തുക മറ്റ് അലവൻസുകളായി ലഭിക്കുന്നുണ്ട് ;

(ഡി) പ്രസ്തുത ജനപ്രതിനിധികളിൽ എത്ര പേർക്കെതിരെ നിലവിൽ ക്രിമിനൽ കുറ്റം ചുമത്തപ്പെട്ട് കോടതിയിൽ നടപടിക്രമങ്ങൾ ആരംഭിക്കപ്പെട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോന്നിലും നിലവിലുള്ള ജനപ്രതിനിധികളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്.

ഗ്രാമപഞ്ചായത്തുകൾ	13,255
ബ്ലോക്ക് പഞ്ചായത്തുകൾ	1,636
ജില്ലാ പഞ്ചായത്തുകൾ	307
മുനിസിപ്പാലിറ്റികൾ	1,2597
മുനിസിപ്പൽ കോർപ്പറേഷനുകൾ	298

തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ വനിത/പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിങ്ങനെ തരം തിരിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

947/2010

LIBRARY ARCHIVES Kerala Legislative Assembly